**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5281** **21-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ യൂണിവേഴ്സിറ്റി അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദി യൂണിവേഴ്സിറ്റി ലോസ് (സെക്കന്റ് അമന്റ്മെന്റ്) ആക്ട്, 2014 (ആക്ട് 25 ഓഫ് 2014) പ്രാബല്യത്തിൽ വന്നതിനുശേഷം അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികളിലേക്ക് ഭിന്നശേഷി വിഭാഗത്തിൽ നിന്ന് എത്ര അദ്ധ്യാപകർക്ക് സംവരണ അടിസ്ഥാനത്തിൽ നിയമനം നൽകിയെന്ന് അറിയിക്കുമോ; | (എ) | ഒരു അസിസ്റ്റന്റ് പ്രൊഫസർക്ക് നിയമനം നൽകുകയും, ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കും മൂന്ന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും വിജ്ഞാപനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കണ്ണൂർ യൂണിവേഴ്സിറ്റി അധ്യാപക നിയമനത്തിൽ ഹൊറിസോണ്ടൽ ആയാണോ വെർട്ടിക്കൽ ആയാണോ ഭിന്നശേഷി സംവരണം നടപ്പാക്കുന്നത്; നൂറ് പോയിൻറ് റിസർവേഷൻ റോസ്റ്ററിലെ ഏതെല്ലാം ടേണുകളാണ് ഭിന്നശേഷി വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്നത്; പ്രസ്തുത യൂണിവേഴ്സിറ്റി 15.06.2022 ന് പുറത്തിറക്കിയ എ.സി.എ.ഡി. ബി3/ 23389/2019 എന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് ഭിന്നശേഷി വിഭാഗത്തിന് കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ടിലെ ഏത് ടേൺ ആണ് സംവരണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഹൊറിസോണ്ടൽ ആയാണ് ഭിന്നശേഷി സംവരണം നടപ്പാക്കുന്നത്. നൂറ് പോയിൻറ് റിസർവേഷൻ റോസ്റ്ററിലെ 1, 26, 51, 76 എന്നീ ടേണുകളാണ് നിലവിൽ ഭിന്നശേഷി വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്നത്. കണ്ണൂർ യൂണിവേഴ്സിറ്റി 15.06.2022-ന് പുറത്തിറക്കിയ എസിഎഡി ബി3/23389/ 2019 എന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് 76-ാമത്തെ ടേണം, അടുത്ത നൂറ് പോയിന്റ് റോസ്റ്ററിലെ ഒന്നാമത്തെ ടേണം ആണ് ഭിന്നശേഷി വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലേക്കുള്ള അധ്യാപക നിയമനത്തിൽ ഭിന്നശേഷി വിഭാഗത്തിന് എത്ര ശതമാനം സംവരണമാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | നിലവിൽ 4% സംവരണമാണ് അനുവദിക്കുന്നത്. |
| (ഡി) | ദി യൂണിവേഴ്സിറ്റി ലോസ് (സെക്കന്റ് അമന്റ്മെന്റ്) ആക്ട്, 2014 പ്രാബല്യത്തിൽ വന്നതിനുശേഷം പ്രസ്തുത യൂണിവേഴ്സിറ്റിയിലെ വിവിധ പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലേക്ക് എത്ര പേരെ പുതുതായി | (ഡി) | അസിസ്റ്റന്റ് പ്രൊഫസർ – 39, അസോസിയേറ്റ് പ്രൊഫസർ – 13, പ്രൊഫസർ – 1.<br><br>പ്രസ്തുത തസ്തികകളിൽ വ്യത്യസ്ത കമ്മ്യൂണൽ റിസർവേഷൻ ചാർട്ടാണ് ഉപയോഗിക്കുന്നത്. |

| | | | |
|---|---|---|---|
| | നിയമിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികകളിലെ നിയമങ്ങൾക്ക് ഒറ്റ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ടാണോ ഉപയോഗിക്കുന്നത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ